
# എടവലത്ത് അഹമ്മദ് കോയ ഹാജി



**ജമാഅത്തെ** ഇസ്‌ലാമി അംഗവും പഴയകാല വ്യാപാരിയും കൃഷിക്കാരനുമായിരുന്നു എടവലത്ത് അഹമ്മദ് കോയ ഹാജി (85). കോഴിക്കോട് ജില്ലയിലെ കാക്കൂർ പഞ്ചായത്തിൽ എടവലത്ത് കുടുംബത്തിലെ ഏറ്റവും ഇളയ അംഗമായിരുന്നു. പ്രതികൂല സാഹചര്യങ്ങളാൽ ആറാം ക്ലാസിൽ പഠനം അവസാനിപ്പിക്കേണ്ടി വന്നെങ്കിലും മക്കൾക്കും മറ്റു കുടുംബാംഗങ്ങൾക്കും വിദ്യാഭ്യാസം നൽകുന്നതിൽ തൽപരനായിരുന്നു. ഖുർആൻ പഠനവും വായനയും അവസാന കാലം വരെ തുടർന്നു.

1960-കളിൽ ജമാഅത്തെ ഇസ്‌ലാമിയെ പരിചയപ്പെടുകയും അതിന്റെ പ്രവർത്തകനായി മാറുകയും ചെയ്തു. പുന്നശ്ശേരി കാരക്കുന്നത്ത് രൂപീകരിക്കപ്പെട്ട മുത്തഫിഖ് ഹൽഖയിലെ പ്രധാന പ്രവർത്തകരായിരുന്നു മർഹൂം കൊളങ്ങരക്കണ്ടി മൊയ്തീൻ കോയ മാസ്റ്ററും അഹമ്മദ് കോയ ഹാജിയും. പിന്നീട് നന്മണ്ട ഹൽഖയിൽ ചേർന്ന് പ്രവർത്തിക്കുകയും ജമാഅത്ത് അംഗമാവുകയും ചെയ്തു. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പരിപാടികളിൽ ആദ്യാവസാനം അദ്ദേഹമുണ്ടാവും. ദൽഹി, ഹൈദരാബാദ് തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന അഖിലേന്ത്യാ സമ്മേളനങ്ങളിലും അംഗങ്ങളുടെ യോഗങ്ങളിലും പങ്കെടുത്തിട്ടുണ്ട്.

6 പെൺകുട്ടികളടക്കം 10 മക്കളുണ്ട്. അബ്ദുർറഹ്മാൻ (റിട്ട. അധ്യാപകൻ നന്മണ്ട എച്ച്.എസ്.എസ്), ഫാതിമ നന്മണ്ട, സുലൈഖ ചേളന്നൂർ, ജമീല കൊടുവള്ളി, മറിയം കോവൂർ, അബ്ദുസ്സലാം (അധ്യാപകൻ അഞ്ചരക്കണ്ടി എച്ച്.എസ്.എസ് കണ്ണൂർ), റഫീഖ് സന സ്റ്റോർ കാക്കൂർ, അബൂല്ലൈസ് കടലുണ്ടി നഗരം എ.യു.പി.എസ്, മുനീറ രാമല്ലൂർ, ഹുസ്ന മുട്ടാഞ്ചേരി. എല്ലാ മക്കളെയും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തകരോ സഹകാരികളോ ആക്കി വളർത്തുന്നതിൽ അദ്ദേഹം വിജയിച്ചു. പരേതയായ മുപ്പറ്റക്കണ്ടി ആയിശയായിരുന്നു ഭാര്യ.

**ഇ.എസ് സഫീർ കലാം**

# എഞ്ചിനിയർ അബ്ദുസ്സലാം



**വലപ്പാട്** പ്രാദേശിക ജമാഅത്തിലെ അംഗമായിരുന്നു അമ്പലത്ത് വീട്ടിൽ അബ്ദുൽസലാം എന്ന എഞ്ചിനീയർ സലാമിക്ക. തൃശൂർ ജില്ലാ വ്യവസായ കേന്ദ്രം റിട്ടയേർഡ് എഞ്ചിനീയറായിരുന്നു. അടിയന്തരാവസ്ഥ കാലത്താണ് പ്രസ്ഥാനവുമായി അടുക്കുന്നത്. പ്രദേശത്തെ ഇസ്‌ലാമിക പ്രവർത്തനങ്ങൾക്ക് നേതൃപരമായ പങ്ക് വഹിച്ച അദ്ദേഹം 2003-ൽ ജമാഅത്ത് അംഗമായി. അന്ധവിശ്വാസ-അനാചാരങ്ങൾ നിറഞ്ഞുനിന്നിരുന്ന കുടുംബപശ്ചാത്തലത്തിൽ നിന്നാണ് സലാമിക്ക പ്രസ്ഥാന പാതയിലേക്ക് വരുന്നത്. അതോടെ അന്ധവിശ്വാസങ്ങൾക്കെതിരായി അദ്ദേഹത്തിന്റെ ആദ്യ പോരാട്ടം.


വലപ്പാട് പഞ്ചായത്തോഫീസിനു സമീപമുള്ള സ്റ്റഡീ സർക്കിളിലൂടെയാണ് പ്രസ്ഥാന ജീവിതത്തിന്റെ തുടക്കം. അന്നുവരെ ആ പ്രദേശത്തിന് പരിചയമില്ലാത്ത സംഘടിത ഫിത്വ്ർ സകാത്ത് ശേഖരണവും വിതരണവും പ്രയോഗവത്കരിക്കുന്നതിൽ അദ്ദേഹം മുന്നിലുണ്ടായിരുന്നു. *പ്രബോധന*ത്തെ സ്നേഹിക്കുകയും, വായിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ വീട് തന്നെ ആയിരുന്നു പലപ്പോഴും ഹൽഖാ ഓഫീസ്. ദഅ്‌വത്ത് നഗർ സമ്മേളനത്തിന് ഓടി നടന്ന് പണിയെടുത്തിട്ടും അസുഖം കാരണം പങ്കെടുക്കാൻ കഴിയാത്തതിന്റെ നിരാശ തീർത്തത് ഹിറാ നഗരിയുടെ ആവേശം ഏറ്റെടുത്തുകൊണ്ടായിരുന്നു. വാടാനപ്പള്ളി ഓർഫനേജ് കമ്മിറ്റിയുമായി സഹകരിച്ച് വീടിനടുത്ത് ആരംഭിച്ച മദ്റസയുടെ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയത് അദ്ദേഹം തന്നെ. തൃപ്രയാർ സെന്ററിൽ ഇന്ന് കാണുന്ന ജുമാമസ്ജിദും ഇസ്‌ലാമിക് സെന്ററും അദ്ദേഹം കൂടി ഉൾപ്പെടുന്ന സന്നദ്ധ ഇസ്‌ലാമിക പ്രവർത്തകരുടെ അധ്വാനമാണ്.

ഔദ്യോഗിക ജീവിതത്തിലും അദ്ദേഹം വിശുദ്ധി കാത്തുസൂക്ഷിച്ചു. മകളുടെ ചികിത്സയുമായി ബന്ധപ്പെട്ട് സാമ്പത്തികമായി ബുദ്ധിമുട്ടുന്ന വേളയിൽ പോലും, ആശുപത്രിയിലെത്തി ഒരു വ്യവസായി നൽകിയ 'പ്രലോഭനങ്ങളെ' അദ്ദേഹം ചെറുത്തു. ഭാര്യ പരേതയായ ദൗലത്തുന്നിസാ ബീഗം. മക്കൾ: വഹീദാ ബാനു, ശഹീദാ ബാനു, റഷീദാ ബാനു, ഷിഹാബ്.

**നഈം സി.കെ.എം**

# ഇബ്റാഹീം ഹാജി കണ്ടോത്ത് കണ്ടി

**നാലു** പതിറ്റാണ്ടോളം ഇസ്‌ലാമിക പ്രസ്ഥാനത്തെ ഹൃദയത്തിൽ താലോലിച്ച വ്യക്തിത്വമായിരുന്നു കണ്ടോത്ത് കണ്ടി ഇബ്റാഹീം ഹാജി (73). കോഴിക്കോട് ജില്ലയിലെ വട്ടോളി ബസാറിൽ പ്രശസ്തമായ കണ്ടോത്ത് കണ്ടി തറവാട്ടിലാണ് ജനനം. പിന്നീട് എകരൂൽ കാപ്പിയിൽ പ്രദേശത്ത് താമസമാക്കി. എകരൂൽ ഹൽഖയിലെ ആദ്യകാല ജമാഅത്ത് പ്രവർത്തകനായിരുന്ന എ. ഹസ്സൻ മാസ്റ്ററോടൊപ്പം പ്രസ്ഥാനത്തിലേക്ക് കടന്നുവന്ന അദ്ദേഹം സ്വതസിദ്ധമായ പുഞ്ചിരിയോടെ, ആരെയും ആകർഷിക്കുന്ന പെരുമാറ്റത്തിലൂടെ പ്രബോധന പ്രവർത്തനങ്ങളിൽ എന്നും മുൻപന്തിയിലുണ്ടായിരുന്നു. അൽജാമിഅ, കിം തുടങ്ങിയ സ്ഥാപനങ്ങളുടെ റമദാൻ കലക്ഷൻ ചുമതല തനിച്ചേറ്റെടുത്ത് നടത്തുന്നതിൽ ആത്മസംതൃപ്തി കണ്ടെത്തിയിരുന്നു. സഹധർമിണിയുടെ വേർപാടിൽ പ്രയാസമനുഭവിക്കുമ്പോഴും പ്രസ്ഥാന പ്രവർത്തനങ്ങളിലൂടെ എല്ലാം മറക്കുകയായിരുന്നു. മരിക്കുന്നതിന് മാസങ്ങൾക്ക് മുമ്പ് നടത്തിയ ശസ്ത്രക്രിയയിൽ സംസാര ശേഷി നഷ്ടപ്പെട്ടപ്പോഴും നിറഞ്ഞ പുഞ്ചിരിയോടെ ഒരു തുണ്ടം കടലാസെടുത്ത് കുറിപ്പെഴുതിയായിരുന്നു പ്രസ്ഥാന പ്രവർത്തകരായ ഞങ്ങളോട് ആശയ വിനിമയം നടത്തിയിരുന്നത്.



**കെ.വി.എ ലത്വീഫ്,**
**വള്ളിയോത്ത്**

## പൂവ്വഞ്ചേരി ഖദീജ ടീച്ചർ




**മലപ്പുറം** ജില്ലയിലെ ഉൾഗ്രാമമായ ആനക്കോട്ടുപുറം, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ, ചാലിയം, ഫറോക്ക് പേട്ട, ആനയാംകുന്ന് എന്നീ സ്ഥലങ്ങളിൽ അറബിക് അധ്യാപികയായിരുന്ന ഞങ്ങളുടെ മാതാവ് പൂവഞ്ചേരി ഖദീജയെ (65) അറബിക് ടീച്ചർ എന്നാണ് സ്നേഹപൂർവം എല്ലാവരും വിളിച്ചിരുന്നത്.

സൽസ്വഭാവം, ലാളിത്യം, ഔദാര്യം, ആതിഥ്യം, ആരാധനാനിഷ്ഠ എന്നിവയിലെല്ലാം അവർ മാതൃകയായിരുന്നു. ഉപ്പയുടെയും ഉമ്മയുടെയും ജോലിയുടെ ഭാഗമായി പല സ്ഥലങ്ങളിലായി ഞങ്ങൾക്ക് താമസിക്കേണ്ടിവന്നിട്ടുണ്ട്. അവിടങ്ങളിലുള്ള അയൽവാസികളോടൊക്കെ വളരെ ഹൃദ്യമായാണ് ഉമ്മ പെരുമാറിയത്. അവരുടെ പ്രശ്നങ്ങൾ സ്വന്തം പ്രശ്നങ്ങളായാണ് ഉമ്മ കരുതിയത്. ഉമ്മയുടെ അസുഖം അവരെ മാനസികവും ശാരീരികവുമായി തളർത്തിയിരുന്നില്ല. ആരെയും ബുദ്ധിമുട്ടിക്കാതെ മരിക്കണമെന്ന ഉമ്മയുടെ ആഗ്രഹം പോലെതന്നെ, സാധാരണ കാൻസർ രോഗികൾക്കുണ്ടാകുന്ന മാരകമായ വേദന വരുന്നതിനു മുമ്പുതന്നെയാണ് ഉമ്മ അല്ലാഹുവിലേക്ക് യാത്രയായത്. 'പ്രയാസങ്ങൾക്കുമേൽ പ്രയാസങ്ങൾ സഹിച്ചാണ് അവർ നിങ്ങളെ ഗർഭം ചുമന്നത്' എന്ന ഖുർആനിക വാക്യം അന്വർഥമാക്കി 12 മക്കളെ നൊന്തു പ്രസവിച്ചതുകൊണ്ടാകാം അധികം വേദനയില്ലാതെ ചെറുപുഞ്ചിരിയോടുകൂടിയ മരണം അല്ലാഹു നൽകിയത്. മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ ഉമ്മ പ്രത്യേകം ശ്രദ്ധാലുവായിരുന്നു. പ്രത്യേകിച്ച് പെൺമക്കളെ വിദൂര സ്ഥലങ്ങളിലേക്ക് എന്തിനാണ് അയക്കുന്നതെന്ന സഹൃദയരുടെ ചോദ്യത്തിന് 'അവർക്ക് അല്ലാഹു ഉണ്ടാകും കൂടെ' എന്നായിരുന്നു ഉമ്മയുടെ മറുപടി. മക്കൾ ഖത്തർ, റിയാദ്, ചെന്നൈ, പോണ്ടിച്ചേരി എന്നിവിടങ്ങളിൽ പ്രാസ്ഥാനികരംഗത്ത് സജീവരാണ്.

*മാധ്യമം* ദിനപത്രം, കിം, തനിമ, ഐ.എം.ബി, കോഴിക്കോട്ടെയും പരിസര പ്രദേശങ്ങളിലെയും വനിതാ പഠന ക്ലാസ്സുകൾ എന്നിവയുടെ ആദ്യകാല സംഘാടകരിൽ ഒരാളായിരുന്ന അഹ്മദ് കുട്ടി മേച്ചേരിയാണ് (ഫിഷറീസ് ബേപ്പൂർ) ഭർത്താവ്. അതിനാൽ കുടുംബജീവിതത്തിൽ കൂടുതൽ ശ്രദ്ധിക്കാനുള്ളതുകൊണ്ടുതന്നെ ആദ്യകാലങ്ങളിൽ പ്രസ്ഥാനികരംഗത്ത് അത്ര സജീവമാകാൻ സാധിച്ചിരുന്നില്ല. എന്നാൽ, കഴിഞ്ഞ മീഖാത്തിൽ അരീക്കോട് വനിതാ മുത്തഫിഖ് ഹൽഖാ നാസിമത്ത് ആയിരുന്നു. അസുഖ സമയത്തുപോലും ഉമ്മ പ്രാസ്ഥാനിക യോഗങ്ങൾ മുടക്കിയിരുന്നില്ല. കേരളത്തിൽ പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് വിത്തു പാകിയവരിൽ പ്രമുഖനായ പരേതനായ പൂവ്വഞ്ചേരി മുഹമ്മദ് സാഹിബ് സഹോദരനാണ്.

**റഫീഖ് മേച്ചേരി**

## ഇബ്റാഹീം



**തൃശൂർ** ജില്ലയിലെ കൊടുങ്ങല്ലൂർ മാടവന-അത്താണി ഹൽഖയിലെ ആദ്യകാല പ്രവർത്തകനായിരുന്നു മാഹിൻ എന്നു വിളിക്കുന്ന ഇബ്റാഹീൻക്ക(85). ആദ്യകാല സജീവ ജമാഅത്ത് പ്രവർത്തകനായ കടമ്പോട്ട് കെ.കെ മുഹമ്മദാലി സാഹിബിന്റെ കടയിൽ, ഈയുള്ളവന്റെ ജ്യേഷ്ഠ സഹോദരൻ (മർഹൂം) അബ്ദുല്ലത്വീഫും മാഹിൻക്കയും ജോലി ചെയ്തിരുന്നു. ജ്യേഷ്ഠന് ബീഡി തെറുപ്പും മാഹിൻക്കാക്ക് തയ്യലുമായിരുന്നു ജോലി. ഈ കടയിൽ (കുറ്റിപ്പുഴ) മുഹമ്മദ് മൗലവിയുടെ നിറസാന്നിധ്യമുണ്ടായിരുന്നു. പ്രബോധന ദൗത്യത്തിന്റെ ഭാഗമായി അദ്ദേഹം പതിവായി ക്ലാസ് നടത്തിയിരുന്നു.

വിരലിലെണ്ണാവുന്ന വ്യക്തികൾ ഇതിൽ താൽപര്യത്തോടെ പങ്കെടുത്തു. ജോലിത്തിരക്കിനിടയിലും മാഹിൻക്ക് ഇതിൽ സജീവമായി പങ്കെടുക്കുകയും അഭിപ്രായങ്ങൾ പറയുകയും ചെയ്തിരുന്നു.

ചില യാഥാസ്ഥിതികർ ഇത്തരം ക്ലാസുകളെ പരിഹസിച്ചിരുന്നു. സന്ദർഭം കിട്ടുമ്പോഴെല്ലാം മാഹിൻക്ക സരസമായ രീതിയിൽ തന്നെ അവരെ വിഷയം പറഞ്ഞു മനസ്സിലാക്കും.

മാഹിൻക്ക പ്രത്യക്ഷത്തിൽ ഒരു വലിയ പ്രവർത്തകനായി അറിയപ്പെട്ടില്ലെങ്കിലും നിശ്ശബ്ദ പ്രബോധകനായിരുന്നു. വ്യക്തിബന്ധങ്ങളിൽ കൂടി അദ്ദേഹം ഇസ്‌ലാമിനെ പരിചയപ്പെടുത്തി. കുടുംബാംഗങ്ങളിൽ പലരിലും നടമാടിയിരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അദ്ദേഹം ശക്തിയായി എതിർത്തിരുന്നു.

പ്രവർത്തകരിൽ തെറ്റുകളോ സ്ഖലിതങ്ങളോ സംഭവിച്ചാൽ, അത്തരക്കാരെ വീട്ടിൽ വിളിച്ചു വരുത്തി വളരെ സരസമായും നല്ല നിലയിലും അത് ചൂണ്ടിക്കാണിച്ചു കൊടുക്കുമായിരുന്നു.

**പി.കെ കാസിം, മാടവന**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*

Matrimonial

കോട്ടയം ജില്ലയിലെ പുരാതന മുസ്‌ലിം കുടുംബത്തിലെ യുവതി (39). ആദ്യ വിവാഹം. സാമ്പത്തികം പ്രശ്നമല്ല. ബാധ്യതകളില്ലാത്ത പുനർവിവാഹക്കാരെയും പരിഗണിക്കും.

8547568108